പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2309 — 19.07.2016 ലെ മറുപടിയ്ക്ക്

## പാട്ടകൃഷി പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.പി.ടി.തോമസ്<br>ശ്രീ.വി.റ്റി.ബൽറാം | | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പാട്ടകൃഷി പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ ഈ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ;<br>(ബി) സ്വയം തൊഴിൽ പദ്ധതിയുടെ ഭാഗമായി തൊഴിൽ രഹിതരായ യുവതീയുവാക്കൾക്ക് പാട്ടകൃഷി നടത്തുന്നതിന് സാമ്പത്തിക സഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ; | (എ) & (ബി) | പച്ചക്കറി വികസന പദ്ധതിയുടെ കീഴിൽ കൃഷി യോഗ്യമായ തരിശു നിലങ്ങൾ പാട്ടത്തിനെടുത്ത് പച്ചക്കറി കൃഷി ചെയ്യുന്നതിനായി ഹെക്ടറിന് 30000 രൂപ നിരക്കിൽ ധനസഹായം നൽകുന്നുണ്ട്. ഇതിൽ 25000 രൂപ കർഷകർക്കും 5000 രൂപ സ്ഥലമുടമയ്ക്കും നൽകുന്നു. 2016-17 ൽ 400 ഹെക്ടർ തരിശു നിലം പച്ചക്കറി കൃഷിയിൻ കീഴിൽ കൊണ്ടു വരാൻ ലക്ഷ്യമിടുന്നു. |
| (സി) തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് പാട്ടകൃഷി വിപുലപ്പെടുത്താനും വിഷരഹിത പച്ചക്കറി ഉൽപ്പാദിപ്പിച്ച് വിതരണം നടത്താനും എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്? | (സി) | തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ഗ്രൂപ്പടിസ്ഥാനത്തിൽ പാട്ടകൃഷി ചെയ്യുന്ന സ്വയം സഹായ സംഘങ്ങൾക്കും കുടുംബശ്രീ അംഗങ്ങൾക്കും വിഷരഹിത പച്ചക്കറി ഉല്പാദിപ്പിച്ച് വിതരണം നടത്താൻ പഞ്ചായത്തു തലത്തിൽ സംയുക്തമായ പ്രോജക്ടുകൾ തയ്യാറാക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ